ബൈബിൾ ചിത്രകഥ

# സാക്ഷികൾ - 3

## അകലങ്ങളിലേക്ക്



MAR LOUIS PUBLICATIONS

## ബൈബിൾ ചിത്രകഥ - 48

# അകലങ്ങളിലേക്ക്

ഡീക്കൻ പീലിപ്പോസും അപ്പസ്തോലൻ പത്രോസും മറ്റുചില ശിഷ്യന്മാരും വിജാതീയരോട് ചിലപ്പോഴൊക്കെ സുവിശേഷം പ്രസംഗിച്ചെങ്കിലും സുവിശേഷ പ്രഘോഷണവും മാനസാന്തരവും അധികപങ്കും യഹൂദരുടെ ഇടയിൽത്തന്നെയാണ് സഭയുടെ ആരംഭകാലത്ത് നടന്നത്. പൗലോസ് എന്ന പേരിൽ അറിയപ്പെടുന്ന സാവൂളിന്റെ രംഗപ്രവേശത്തോടെ ഈ അവസ്ഥയ്ക്കു മാറ്റമുണ്ടായി. "അപ്പസ്തോലപ്രവർത്തനങ്ങൾ" 13 മുതലുള്ള അധ്യായങ്ങൾ വിജാതീയരുടെ അടുക്കലേക്കു സുവിശേഷം എത്തിക്കാനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വി. പൗലോസിന്റെ പ്രവർത്തനങ്ങളെ വിവരിക്കുന്നു.

"യാത്ര" എന്ന പ്രമേയത്തിനു വലിയ പ്രാധാന്യം കൊടുക്കുന്ന വി. ഗ്രന്ഥകർത്താവായ ലൂക്കാ പൗലോസിന്റെ പ്രേഷിത പ്രവർത്തനങ്ങളെ മൂന്നു യാത്രകളുടെ ചട്ടക്കൂട്ടിലാണ് ചിത്രീകരിക്കുന്നത്. നാലാമത്തെ യാത്ര ക്രിസ്തുവിനുവേണ്ടി ബന്ധിതനായി തലസ്ഥാനനഗരമായ റോമിലേക്കു നടത്തുന്ന യാത്രയാണ്. ഇവയിൽ ആദ്യത്തെ രണ്ടു പ്രേഷിതയാത്രകൾ ഈ ചിത്രകഥയിൽ വിവരിക്കുന്നു (അപ്പ 13 - 17).

ശിഷ്യന്മാർ ചെന്നിടത്തെല്ലാം ആദ്യം സുവിശേഷം പ്രസംഗിച്ചത് യഹൂദരോടാണ്. എന്നാൽ യഹൂദരിൽ ചുരുക്കം പേർ മാത്രമേ സുവിശേഷത്തിൽ വിശ്വസിക്കാൻ തയ്യാറായുള്ളൂ. യേശുവിനു കിട്ടിയ സ്വീകരണം തന്നെയാണ് യഹൂദരുടെ ഭാഗത്തുനിന്ന് സുവിശേഷം പ്രസംഗിച്ചവർക്കും കിട്ടിയത്.

യഹൂദരാൽ തിരസ്ക്കരിക്കപ്പെടുമ്പോൾ വിജാതീയരുടെ അടുക്കലേക്കു തിരിയുക വി. പൗലോസിന്റെ പ്രേഷിതപ്രവർത്തനത്തിന്റെ ശൈലിയായിരുന്നു. വിഗ്രഹങ്ങളെയും അന്ധവിശ്വാസങ്ങളെയും വിട്ടുപേക്ഷിച്ച് സത്യദൈവത്തിലേക്കു തിരിയണമെന്നും പൗലോസ് വിജാതീയരോടു പ്രസംഗിച്ചു. അത്ഭുതകരമായ രോഗശാന്തികൾ പ്രസംഗത്തിനു വിശ്വസനീയത പ്രദാനം ചെയ്തു. വിജാതീയരുടെ മാനസാന്തരം യഹൂദരിൽ അസൂയ ജനിപ്പിച്ചു. അത് കൂടുതൽ പീഡനങ്ങൾക്കു വഴിതെളിച്ചു. കാരാഗൃഹവും ചമ്മട്ടിയടിയും കല്ലേറും അപ്പസ്തോലന്റെ ആത്മവീര്യം കെടുത്തിയില്ല. തന്നെ സ്നേഹിക്കുകയും തനിക്കുവേണ്ടി കുരിശിൽ മരിക്കുകയും ചെയ്ത നാഥന്റെ സഹനങ്ങളിൽ പങ്കുചേരാനുള്ള അവസരങ്ങ

Published by : MAR LOUIS PUBLICATIONS
Broadway, Ernakulam
Kochi - 682 031, Ph: 0484-2352110
Website : www.marlouiskochi.com
E-mail : mlbookcentre@gmail.com
mlpekam@gmail.com

ളായിട്ടാണ് വി. പൗലോസ് ഈ പീഡനങ്ങളെ കണ്ടത്.

ജനതകളുടെ സുവിശേഷ പ്രഘോഷണത്തിനുണ്ടായ വിജയം സഭയിൽ വേറൊരു പ്രതിസന്ധിക്കു കാരണമായി. ക്രിസ്ത്യാനിയാകുന്ന വിജാതീയർ യഹൂദനിയമങ്ങളും മതാചാരങ്ങളും അനുസരിക്കണമോ വേണ്ടയോ എന്ന പ്രശ്നം രൂക്ഷമായ വിവാദങ്ങൾക്കു വഴിയൊരുക്കി. ഇതിനെക്കുറിച്ച് ജറുസലെം സൂനഹദോസിന്റെ തീരുമാനം സുവിശേഷപ്രഘോഷണത്തിനു പുതിയ ഉണർവ്വും ഊർജ്ജവും നല്കി.

ഓരോ ജനതയ്ക്കും തങ്ങളുടേതായ സംസ്കാരം കാത്തുസൂക്ഷിച്ചു കൊണ്ടുതന്നെ ക്രിസ്ത്യാനികളാകാമെന്നും അവർ യഹൂദനിയമങ്ങളും പാരമ്പര്യങ്ങളും സ്വീകരിക്കേണ്ടതില്ലെന്നും പരിശുദ്ധാത്മാവിന്റെ തന്നെ തീരുമാനമായി സഭാസമൂഹം മനസ്സിലാക്കിയതോടെ ക്രിസ്തു സഭയുടെ സാർവ്വത്രികത അഥവാ കത്തോലികത്വം വ്യക്തമായി അംഗീകരിക്കപ്പെട്ടു. കാലഹരണപ്പെട്ട പാരമ്പര്യങ്ങളിൽ കടിച്ചുതൂങ്ങുകയോ അന്യജാതികളുടെ സാംസ്കാരികപൈതൃകങ്ങൾ ഇറക്കുമതി ചെയ്യുകയോ ക്രിസ്തീയ വിശ്വാസത്തിന് ആവശ്യമില്ല എന്ന പഠനം ഇന്നും വളരെ പ്രസക്തമാണ്. യഹൂദപാരമ്പര്യങ്ങളും ആചാരങ്ങളുമല്ല, യേശുക്രിസ്തുവിലൂടെ കൈവന്ന രക്ഷയാണ് സുവിശേഷം. അതാണ് പ്രഘോഷിക്കപ്പെടേണ്ടത്.

'ഒരു പട്ടണത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ അടുത്ത പട്ടണത്തിലേക്കു പോവുക' എന്ന ക്രിസ്തുവചനം അപ്പസ്തോലന്മാർക്കു പ്രചോദനവും മാർഗ്ഗദർശനവും നല്കി. അങ്ങനെ മതപീഡനം സുവിശേഷപ്രഘോഷണത്തെ ത്വരിതപ്പെടുത്തി; സഭയുടെ വളർച്ചയ്ക്കു കാരണമായി. പീഡനങ്ങളുടെമധ്യേ സന്തോഷത്തോടെ വിശ്വാസത്തിൽ ഉറച്ചു നില്ക്കാൻ പരിശുദ്ധാത്മാവ് വിശ്വാസികളെ ശക്തിപ്പെടുത്തി. അവരുടെ സന്തോഷവും ഗാഢമായ പരസ്പരസ്നേഹവും അനേകരെ ക്രിസ്തുവിലേക്ക് ആകർഷിച്ചു. സഭാസമൂഹത്തിന്റെ ജീവിതസാക്ഷ്യമാണ് ഏറ്റവും വലിയ സുവിശേഷ പ്രഘോഷണം.

## ചോദ്യങ്ങൾ

1. ആരാണ് വിജാതീയരുടെ അപ്പസ്തോലൻ? എന്തുകൊണ്ട് അദ്ദേഹത്തിന് ഈ പേരു നല്കപ്പെട്ടു?
2. "ക്രിസ്ത്യാനി" എന്ന പേര് എവിടെവച്ചാണ് ആദ്യമേ ഉപയോഗിക്കപ്പെട്ടത്?
3. വി. പൗലോസിന്റെ പ്രേഷിതയാത്ര എവിടെ നിന്നാരംഭിച്ചു?
4. പാഫോസിൽവച്ച് പൗലോസ് ഒരാളെ ശപിച്ചു. ആരെ? എന്തുകൊണ്ട്?
5. അന്ത്യോക്യായിൽവച്ച് പൗലോസ് നടത്തിയ പ്രസംഗം സ്വന്തം വാക്കുകളിൽ എഴുതുക.
6. പൗലോസിന് ലിസ്ത്രായിൽവച്ചുണ്ടായ അനുഭവങ്ങൾ വിവരിക്കുക.
7. ജറുസലെം സൂനഹദോസിന്റെ പശ്ചാത്തലം വിവരിക്കുക.
8. എന്തായിരുന്നു ജറുസലെം സൂനഹദോസിന്റെ തീരുമാനങ്ങൾ? അതിന് ഇന്ന് എന്തു പ്രസക്തിയുണ്ട്?
9. മതപീഡനം സുവിശേഷത്തിന്റെ പ്രചരണത്തെ സഹായിച്ചു. വിശദീകരിക്കുക.
10. ആഥൻസിൽവച്ച് പൗലോസ് എന്തു പ്രസംഗിച്ചു? എന്തായിരുന്നു പ്രതികരണം?




**സ്വന്തനഗരമായ താർസോസിൽ തിരിച്ചെത്തിയ സാവൂൾ അവിടെ യേശുവിനെ കുറിച്ചു പ്രസംഗിച്ചു. കുറച്ചു നാളുകൾക്കുശേഷം ബർണബാസ് സാവൂളിനെ അന്വേഷിച്ച് താർസോസിലെത്തി.**




ഞാൻ കുറച്ചുനാളായിട്ട് സിറിയായുടെ തലസ്ഥാനമായ അന്തിയോക്യായിലാണ്.
അവിടെയും സഹോദരന്മാർ ഉണ്ടോ?
നൂറുകണക്കിനാളുകൾ ദിവസംതോറും മാർഗ്ഗത്തിൽ ചേരുന്നു. ശിഷ്യന്മാർ ഭൂരിഭാഗവും വിജാതീയരാണിപ്പോൾ.
അവിടെ ശിഷ്യന്മാർ "ക്രിസ്ത്യാനികൾ" എന്നാണറിയപ്പെടുന്നത്.
തികച്ചും അർത്ഥവത്തായ ഒരു പേരാണല്ലോ–ക്രിസ്തുവിന്റെ അനുയായികൾ!
വിളവു വളരെ. വേലക്കാർ ചുരുക്കം. യേശുവിനെ പ്രസംഗിക്കാൻ നീയും കൂടെ അന്തിയോക്യായിലേക്കു വരണം.
സഹോദരാ, കർത്താവാണു നിന്നെ അയച്ചത്. അടുത്തയാഴ്ച പുറപ്പെടാം. അതിനുമുൻപ് നീ ഇവിടുത്തെ സഹോദരങ്ങളെ കണ്ടു സംസാരിക്കണം.


അവർ അന്തിയോക്യായിലെത്തി സുവിശേഷപ്രഘോഷണത്തിൽ മുഴുകി. ഒരു ദിവസം പ്രാർത്ഥനാ സമ്മേളനത്തിൽ.
കർത്താവരുളിച്ചെയ്യുന്നു: ബർണബാസിനെയും സാവൂളിനെയും ഞാൻ വിളിച്ചിരിക്കുന്ന ജോലിക്കായി മാറ്റി നിർത്തുവിൻ.



ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷം
കർത്താവിന്റെ ആത്മാവിനാൽ പൂരിതരായി നിങ്ങൾ പോകുവിൻ. ലോകത്തിന്റെ അതിർത്തികൾവരെ യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കുവിൻ.
എല്ലാ അപകടങ്ങളിലും നിന്ന് നിങ്ങളെ കാത്തു സൂക്ഷിക്കട്ടെ.


ബർണബാസും സാവൂളും യാത്രയായി. യോഹന്നാൻ അപരനാമമുണ്ടായിരുന്ന മർക്കോസും അവരോടൊപ്പം പോയി.
!!!


അവർ തുറമുഖനഗരമായ സെലൂക്യായിലെത്തി.
ഈ കപ്പൽ എങ്ങോട്ടാണ് പോകുന്നത്?
സൈപ്രസിലേക്ക്. ആദ്യത്തെ തുറമുഖം സലാമിസാണ്.
അവർ സലാമിസിൽനിന്ന് കരവഴി യാത്രചെയ്ത് പാഫോസ് എന്ന പട്ടണത്തിലെത്തി, സുവിശേഷം പ്രസംഗിച്ചു.
നിങ്ങളാണോ യേശുക്രിസ്തുവിനെകുറിച്ച് ഈ ദ്വീപിലെല്ലാം പ്രസംഗിക്കുന്നത്?
അതെ.
ഗവർണർ നിങ്ങളെ കാണാൻ ആഗ്രഹിക്കുന്നു.
!
ഗവർണർ സേർജിയൂസ് പാവൂളിന്റെ മുൻപിൽ അവർ യേശുവിനെകുറിച്ചു പ്രസംഗിച്ചു.
അവന്റെ കുരിശുമരണവും ഉത്ഥാനവും വഴി ദൈവം സകലമനുഷ്യർക്കും പാപമോചനവും നിത്യജീവനും നല്കുന്നു.
ഞാനെന്താണു ചെയ്യേണ്ടത്?
കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുക.


ഗവർണരുടെ സദസ്സിൽ എലിമാസ് എന്നൊരു മാന്ത്രികനുണ്ടായിരുന്നു.
ബഹുമാന്യനായ ഗവർണർ, ഇവർ പറയുന്നതു ശുദ്ധനുണയാണ്. മരണംകൊണ്ട് എല്ലാം അവസാനിക്കുന്നു. അതിനാൽ ഇപ്പോൾ സുഖമായി ജീവിക്കാൻ ശ്രമിക്കുക.
!
അന്ധകാരത്തിന്റെ സന്തതീ, ഇതാ കർത്താവിന്റെ കരം നിന്റെമേൽ പതിക്കും. നീ അന്ധനായിത്തീരും.
തൽക്ഷണം എലിമാസിന് കാഴ്ച നഷ്ടപ്പെട്ടു.
ഹാ..... എനിക്കൊന്നും കാണാൻ കഴിയുന്നില്ല. നിങ്ങൾ എവിടെയാണ്? ആരെങ്കിലും എന്റെ കൈ പിടിക്കൂ!
നിങ്ങളുടെ വാക്കു സത്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യനാകാൻ ഞാൻ ഒരുക്കമാണ്.
!!!


സാവൂൾ ഈ സംഭവത്തിനുശേഷം "പൗലോസ്" എന്ന ഗ്രീക്കു പേര് സ്വീകരിച്ചു. അവർ കപ്പൽമാർഗ്ഗം പെർഗാ തുറമുഖ നഗരത്തിലെത്തി.
നമുക്ക് പലസ്തീനായി ലേക്കു തിരിച്ചുപോകാം.
എന്ത്? നമ്മൾ യാത്ര ആരംഭിച്ചതല്ലേയുള്ളൂ?
എനിക്കു ജറുസലെ മിലേക്കു മടങ്ങണം.
മർക്കോസ് തിരിച്ചുപോയി. പൗലോസും ബർണബാസും വടക്കോട്ട് യാത്രയായി.
ഇത് അപകടം നിറഞ്ഞ വഴിയാണല്ലോ. കള്ളന്മാ രുടെ ഉപദ്രവം ഉണ്ടാ കാനും സാധ്യതയുണ്ട്.
കർത്താവു കൂടെ യുള്ളപ്പോൾ നമുക്ക് ഒന്നും ഭയപ്പെടാനി ല്ല. ഒരാഴ്ചകൂടി നട ന്നാൽ നമ്മൾ അന്തി യോക്യായിലെത്തും.
അന്തിയോക്യായോ?
പല അന്തിയോക്യാക ളിലൊന്ന്. ഇത് പിസീ ദിയായിലെ അന്ത്യോ ക്യയാണ്.
!


അവർ അന്ത്യോക്യായിലെത്തി. സാബത്തുദിവസം സിനഗോഗിൽചെന്നു.
വിശുദ്ധഗ്രന്ഥവായന കഴിഞ്ഞു. സഹോദരങ്ങളേ, ജനത്തിന് ഉപകാരപ്രദമായ എന്തെങ്കിലും നിങ്ങളിൽ ആർക്കെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.
ദൈവത്തെ ഭയപ്പെടുന്ന ഇസ്രായേൽ ജനമേ, ശ്രദ്ധിക്കുവിൻ. ദൈവം നമ്മുടെ പിതാക്കന്മാർക്കു നല്കിയ വാഗ്ദാനം പൂർത്തിയായിരിക്കുന്നു.
നമുക്കു രക്ഷകനായി യേശുക്രിസ്തുവിനെ അയച്ചു. നമ്മുടെ നേതാക്കന്മാർ അവനെ കുരിശിൽ തറച്ചുകൊന്നു. എന്നാൽ ദൈവം അവനെ ഉയിർപ്പിച്ചു.


പ്രസംഗം കഴിഞ്ഞപ്പോൾ
ഈ കാര്യങ്ങളെകുറിച്ച് കൂടുതൽ വിശദമായി സംസാരിക്കണം.
അടുത്ത സാബത്തു ദിവസം വീണ്ടും വരണം.
തീർച്ചയായും.
അനേകർ യേശുവിൽ വിശ്വസിച്ചു. അതിൽ യഹൂദർ അസൂയാലുക്കളായി. അടുത്ത സാബത്തിൽ
ഇവൻ പറയുന്നത് ദൈവദൂഷണമാണ്.
ക്രിസ്തു നമ്മെപ്രതി ശപിക്കപ്പെട്ടവനായിത്തീർന്ന് നിയമത്തിന്റെ ശാപത്തിൽ നിന്നു നമ്മെ രക്ഷിച്ചു...
മോശവഴി ദൈവം നല്കിയ നിയമം ലംഘിക്കുന്നവർ ദൈവത്തിന്റെ ശത്രുവാണ്.
ദൈവവചനം ആദ്യം നിങ്ങളോടു പ്രസംഗിക്കുക ആവശ്യമായിരുന്നു. എന്നാൽ ജീവന്റെ വചനം നിങ്ങൾ തള്ളിക്കളയുന്നതിനാൽ ഞങ്ങൾ ഇതാ വിജാതീയരുടെ അടുക്കലേക്കു തിരിയുന്നു.


അനേകം വിജാതീയർ വിശ്വാസം സ്വീകരിച്ചു. യഹൂദർക്കിടയിൽ സംഭാഷണം.
ജനങ്ങളെല്ലാം പൗലോസിന്റെ പിന്നാലെ പോവുകയാണ്.
യഹൂദരുടെ നില നില്പുതന്നെ അവർ അപകടത്തിലാക്കുന്നു.
തങ്ങളാണ് യഥാർത്ഥ ദൈവജനം എന്നല്ലേ അവനിപ്പോൾ വിജാതീയരെ പഠിപ്പിക്കുന്നത്!
അവനെ ഇവിടെ നിന്ന് ഓടിക്കണം.
വിജാതീയരേയും കൂടി അവനെതിരെ തിരിച്ചാലേ അതു സാധിക്കൂ.
യഹൂദർ ജനപ്രമാണികളെ സ്വാധീനിച്ച് പൗലോസിനെയും ബർണബാസിനെയും നാട്ടിൽ നിന്നു പുറത്താക്കി.
തല്ക്കാലം നിങ്ങളെ വെറുതെ വിടുന്നു. ഇനിമേൽ ഈ മണ്ണിൽ കാലുകുത്തരുത്.
!!

**അവർ കിഴക്കോട്ടു യാത്രചെയ്ത് ഇക്കോണിയത്തിൽ എത്തി, സുവിശേഷം പ്രസംഗിച്ചു. അനേകം യഹൂദരും വിജാതീയരും യേശുവിൽ വിശ്വസിച്ചു. വിശ്വസിക്കാതിരുന്ന യഹൂദർ ജനത്തെ ഇളക്കിവിട്ടതിനാൽ പൗലോസും ബർണബാസും അടുത്ത പട്ടണമായ ലിസ്ത്രായിലേക്കു പോയി. അവിടെ ഒരു മുടന്തനെ കണ്ടുമുട്ടി.**










ബലിയർപ്പിക്കാൻ കാളകളുമായി പുരോഹിതന്മാർ നഗരകവാടത്തിലേക്കു വന്നു.
നിങ്ങൾ എന്താണീ ചെയ്യുന്നത്?
ഞങ്ങളെ സന്ദർശിച്ച ദേവന്മാരായ നിങ്ങളെ സ്വീകരിക്കാൻ ഒരുങ്ങുകയാണ്.
!?
ഞങ്ങൾ വെറും മനുഷ്യരാണ്. ഈ അന്ധവിശ്വാസങ്ങളിൽനിന്നകന്ന് സത്യദൈവത്തിലേക്കു തിരിയുവിൻ.
ദൈവം ഒരുവനേയുള്ളൂ. അവനാണ് ഈ പ്രപഞ്ചത്തിന്റെ മുഴുവൻ സ്രഷ്ടാവ്.
രക്ഷയുടെ മാർഗ്ഗം നമുക്കു കാണിച്ചു തരുവാനായി ദൈവം തന്റെ ഏകജാതനെ ഈ ഭൂമിയിലേക്കയച്ചു.
എന്നാൽ അയാളെക്കുറിച്ചു ഞങ്ങൾക്കു പറഞ്ഞുതരൂ!


അവർ കുറച്ചുനാൾ ലിസ്ത്രായിൽ താമസിച്ച് സുവിശേഷം പ്രസംഗിച്ചു. അനേകം പേർ മാനസാന്തരപ്പെട്ട് ക്രിസ്ത്യാനികളായി. ഇതറിഞ്ഞ് അന്തിയോക്യായിൽ നിന്നും ഇക്കോണിയത്തിൽനിന്നും യഹൂദർ അവിടെയെത്തി.
പൗലോസ് പ്രസംഗിക്കുന്ന ഈ പുതിയ മതം നിങ്ങളുടെ മതത്തേയും സംസ്ക്കാരത്തെയും നശിപ്പിക്കും.
അവർ നിങ്ങളുടെ ദേവന്മാരെ അവഹേളിക്കുകയല്ലേ? ദേവാലയങ്ങൾ ശൂന്യമാവുന്നതു കണ്ടില്ലേ?
ഇങ്ങനെ പോയാൽ ദൈവകോപമുണ്ടാകും. ഇവർ നിങ്ങളെ മുഴുവൻ നശിപ്പിക്കും.
!??


ഈ നുണ പ്രചരണങ്ങളിൽ വിശ്വസിച്ച ജനം പൗലോസിനെ കൊല്ലാൻ ശ്രമിച്ചു.
മതി. അവന്റെ കഥ കഴിഞ്ഞു.
വലിച്ച് പട്ടണത്തിനു വെളിയിൽ കൊണ്ടുപോയിടാം.



എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ ശിഷ്യ
ന്മാർ അടുത്തുവന്നു.


എല്ലാം അവസാനിച്ചു എന്നു ഞാൻ ഭയന്നു പോയി.
ഇതു തുടക്കം മാത്രമാണ്.


എനിക്കുവേണ്ടി ക്രൂശിക്കപ്പെട്ട നാഥന്റെ സഹനത്തിൽ പങ്കുചേരാൻ കഴിയുന്നത് വലിയ ഭാഗ്യമാണ്. വരൂ! നമുക്ക് ദെർബെയിലേക്കു പോകാം.

ദെർബെയിൽനിന്നു മടങ്ങി, തങ്ങൾ സുവിശേഷം പ്രസംഗിച്ച നഗരങ്ങളെല്ലാം അവർ സന്ദർശിച്ചു. അവിടെയെല്ലാം സഭകൾക്കു ശ്രേഷ്ഠന്മാരെ നിയമിച്ചു.





പൗലോസും ബർണബാസും തങ്ങൾ പുറപ്പെട്ട അന്ത്യോക്യായിൽ തിരിച്ചെത്തി. തങ്ങൾവഴി ദൈവം ചെയ്ത വലിയ കാര്യങ്ങൾ വിവരിച്ചു.
ഞങ്ങൾ ചെന്നിടത്തെല്ലാം ആദ്യമേ യഹൂദസഹോദരങ്ങളോടാണ് സുവിശേഷം പ്രസംഗിച്ചത്. എന്നാൽ അവരിൽ അധിക പങ്കും എതിർത്തുനിന്നു.
വിജാതീയർ സന്തോഷത്തോടെ വചനം സ്വീകരിക്കുന്നു. പരിശുദ്ധാത്മാവ് അവരിൽ സമൃദ്ധമായി പ്രവർത്തിക്കുന്നു.


ജറുസെലമിൽ നിന്നു വന്ന ശിഷ്യന്മാർ അവരെ ചോദ്യം ചെയ്തു.
വിജാതീയർക്കു മാമ്മോദീസാ നല്കുന്നതിന് മുമ്പ് പരിഛേദനം നടത്തിയോ?
മോശയുടെ നിയമങ്ങൾ അവരെ പഠിപ്പിച്ചോ?


ഞങ്ങൾ യേശുവിനെ, അതും നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തവനെ മാത്രമാണ് പ്രസംഗിച്ചത്.
വാഗ്ദാനങ്ങൾ യഹൂദർ വഴിയാണ് നല്കപ്പെട്ടത്. ആദ്യമേ യഹൂദനാകാതെ ആർക്കും ക്രിസ്ത്യാനിയാകാൻ സാധിക്കുകയില്ല.


വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് യേശുക്രിസ്തു. മോശയുടെ നിയമമല്ല, ക്രിസ്തുവിന്റെ നിയമമാണ് അനുസരിക്കേണ്ടത്.
പക്ഷേ, ആദ്യം യഹൂദനാവുക; പിന്നെ ക്രിസ്ത്യാനി.
പരിച്ഛേദനം കൂടാതെ തന്നെ വിജാതീയർക്കു പരിശുദ്ധാത്മാവ് നല്കപ്പെടുന്നതു ഞങ്ങൾ കണ്ടു.
ഇത് ഉറവിടം മറക്കലാണ്. ഈ ചിന്താഗതിയും പ്രവർത്തനശൈലിയും അപകടകരമാണ്.
മോശയുടെ നിയമം വഴി ലഭിക്കാത്ത വിശ്വാസവും വിശുദ്ധീകരണവും യേശുക്രിസ്തുവഴി നല്കപ്പെട്ടിരിക്കുന്നു.
നിങ്ങൾക്കുതോന്നിയ വിധത്തിൽ സുവിശേഷം പ്രസംഗിക്കാൻ പാടില്ല. അപ്പസ്തോലന്മാരെയാണ് നാഥൻ തന്റെ സഭയെ ഭരമേല്പിച്ചിരിക്കുന്നത്.
എന്നാൽ അപ്പസ്തോലന്മാരുമായി ഈ കാര്യം ചർച്ചചെയ്യാം.
അതാണു വേണ്ടത്. നമുക്ക് ജറുസലെമിലേക്കു പോകാം.



അപ്പസ്തോലന്മാരും ശ്രേഷ്ഠന്മാരും ജറുസലെമിൽ സമ്മേളിച്ച് ദീർഘമായി ചർച്ചചെയ്തു.
സഹോദരങ്ങളേ, നമ്മൾ ദൈവത്തെ പരീക്ഷിക്കരുത്. പരിച്ഛേദനം കൂടാതെതന്നെ വിജാതീയർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുമ്പോൾ പിന്നെ നാം എന്തിന് അവരുടെ മേൽ നിയമത്തിന്റെ ഭാരം അടിച്ചേല്പിക്കുന്നു?
പത്രോസ് പറഞ്ഞത് തികച്ചും ശരിയാണ്. വിജാതീയരെ ആദ്യം യഹൂദരാക്കേണ്ടതില്ല. അവർ മോശയുടെ നിയമം അനുസരിക്കുകയും വേണ്ട.
എന്നാലും വിഗ്രഹാരാധനയിലും വ്യഭിചാരത്തിലും നിന്ന് അവരും ഒഴിഞ്ഞു നില്ക്കണം. രക്തം ഭക്ഷിക്കരുത്. മറ്റൊരു ഭാരവും അവരുടെ മേൽ ചുമത്താതിരിക്കുകയാണ് നല്ലത്.
ഇതുതന്നെ പരിശുദ്ധാത്മാവിന്റെ തീരുമാനം. നമുക്ക് കാര്യങ്ങൾ എല്ലായിടത്തുമുള്ള സഹോദരങ്ങൾക്ക് എഴുതാം.
നമുക്ക് ബർസബാസിനെയും സീലാസിനെയും അന്ത്യോക്യായിലേക്ക് കത്തുമായി അയയ്ക്കാം. അവർ ചെന്ന് സഭ മുഴുവന്റെയും തീരുമാനം സഹോദരങ്ങളെ അറിയിക്കട്ടെ.


ജറുസലെം സൂനഹദോസിന്റെ തീരുമാനം വിജാതീയരുടെ ഇടയിലുള്ള സുവിശേഷപ്രഘോഷണത്തിന് അംഗീകാരവും ഉത്തേജനവും നല്കി. അന്തിയോക്യായിൽ തിരിച്ചെത്തിയ പൗലോസും ബർണബാസും കുറച്ചുനാൾ അവിടെ താമസിച്ചു. ഒരുദിവസം
ബർണബാസ്, നമ്മൾ സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളിൽ തിരിച്ചു ചെന്ന് സഹോദരന്മാർ എങ്ങനെ കഴിയുന്നു എന്നന്വേഷിക്കാം.
ശരിയാണ്. ഞാനും ആ കാര്യത്തെക്കുറിച്ച് ആലോചിക്കുകയായിരുന്നു.
എന്നാൽ നമുക്ക് അടുത്തയാഴ്ച പുറപ്പെടാം.
നമുക്ക് മർക്കോസിനെയും കൂടെ കൊണ്ടുപോകാം.
കഴിഞ്ഞതവണ ഇടവഴിക്കുവച്ചു പിന്തിരിഞ്ഞുപോന്ന അവനെ കൂടെകൊണ്ടുപോകാൻ സാധിക്കില്ല. വഴിക്കുവച്ച് ഇനിയും മനസ്സുമാറിയെന്നു വരും.
മർക്കോസിനെ കൂടാതെ ഞാൻ ഒരു യാത്രയ്ക്കു തയ്യാറല്ല.
എങ്കിൽ നമുക്കു രണ്ടു വഴിക്കു പോകാം.
അതായിരിക്കും മെച്ചം.


ബർണബാസ് മർക്കോസിനെയുകൂട്ടി സൈപ്രസിലേക്കു കപ്പൽ കയറി. പൗലോസ് സീലാസിനെ തിരഞ്ഞെടുത്തു കരവഴി യാത്രചെയ്ത് ലിസ്ത്രായിൽ എത്തി.
സഹോദരാ, പൗലോസ്, നിന്നെ ജീവനോടെ വീണ്ടും കാണാൻ കഴിയുമെന്ന് ഞങ്ങൾ ആരും വിചാരിച്ചില്ല.
നിന്നെ കല്ലെറിഞ്ഞതിൽ നഗരവാസികളെല്ലാം പശ്ചാത്തപിച്ചു. കല്ലെറിയാൻ കൂടിയ പലരും നമ്മുടെ ഏറ്റം തീക്ഷ്ണമതികളായ പ്രവർത്തകരാണ്.
സഭ നാൾക്കുനാൾ വളർന്നുകൊണ്ടിരിക്കുന്നു, ഇപ്പോൾ എല്ലാവർക്കും നമ്മോട് വലിയ ആദരവും മതിപ്പുമാണ്.
എന്താണു നിന്റെ പേര്?
തിമോത്തേയോസ്
ഇയാൾ ഇക്കോണിയത്തിലും മറ്റും ധാരാളം അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു.
തിമോത്തേയോസ്, സുവിശേഷവേലയ്ക്കായി നീ എന്റെ കൂടെ പോരുമോ?
അതിൽ എനിക്കു സന്തോഷമേയുള്ളൂ.
!


തിമോത്തെയോസിനെയും കൂട്ടി പൗലോസ് യാത്രയായി. അവർ ത്രോവാസിൽ എത്തി.
ഇവിടെ അടുത്താണ് പുരാതനനഗരമായ ട്രോയി. ഒരു സ്ത്രീയുടെ പേരിൽ നശിപ്പിക്കപ്പെട്ട പട്ടണം.
നമ്മൾ ഏഷ്യായുടെ പടിഞ്ഞാറെ അറ്റത്തെത്തി. ഇനി എങ്ങോട്ടാണു പോകുന്നത്?
ഇതുവരെ നമ്മെ നയിച്ച പരിശുദ്ധാത്മാവ് ഇനിയും വഴി കാണിച്ചുതരും.


അന്നുരാത്രി സ്വപ്നത്തിൽ ഒരു മക്കെദോനിയാക്കാരൻ പൗലോസിനു പ്രത്യക്ഷപ്പെട്ടു.
മക്കെദോനിയായിലേക്കു വന്ന് ഞങ്ങളെ സഹായിക്കുക.


പിറ്റേന്നു പ്രഭാതത്തിൽ
താങ്കൾ ആരാണ്?
ഞാൻ ലൂക്കാ. അങ്ങ് മക്കദോനിയായിലേക്കു വരണം


പിറ്റേന്ന് അവർ കപ്പൽമാർഗ്ഗം നെയാപ്പോളിസിൽ എത്തി.
മക്കദോനിയായിലെ ഒരു പ്രധാന പട്ടണമായ ഫിലിപ്പി ഇവിടെ അടുത്താണ്. മൂന്നു മണിക്കൂർ നടന്നാൽ മതി.
ഒക്ടാവിയനും മാർക്ക് ആന്റണിയും കൂടി സീസറിന്റെ ഘാതകരെ തോല്പിച്ചത് അവിടെവച്ചല്ലേ?
അതെ. മനോഹരമായൊരു പട്ടണം. ഏറെ റോമൻ പടയാളികൾ അവിടെ സ്ഥിരതാമസമാക്കിയിട്ടുണ്ട്.
യഹൂദർ ആരുമില്ലേ?
യഹൂദരുടെ ഒരു ചെറിയ സമൂഹമുണ്ട്. അവർക്കു പ്രാർത്ഥനാലയമില്ല. പുഴക്കരയിലാണ് പ്രാർത്ഥനയ്ക്കായി സമ്മേളിക്കുന്നത്.
നമുക്ക് അങ്ങോട്ടു പോകാം.



പൗലോസും കൂട്ടരും ഫിലിപ്പിയിലെത്തി. യഹൂദരുടെ പ്രാർത്ഥനാസമ്മേളന ത്തിൽ സംബന്ധിച്ചു. പൗലോസ് അവരോട് യേശുക്രിസ്തുവിനെക്കുറിച്ചു പ്രസംഗിച്ചു.
നമ്മുടെ പിതാക്കന്മാർ കാണാൻ കാത്തിരുന്ന രക്ഷകനായ ക്രിസ്തു വാണ് യേശു. ദൈവികമഹത്വം മാറ്റി വച്ച് മനുഷ്യനായി അവതരിച്ച ദൈവപുത്രനാണവൻ.
പ്രസംഗത്തിനുശേഷം എല്ലാവരും പിരിഞ്ഞു പോകുമ്പോൾ ദൈവഭക്തയായ ലീദിയാ
സഹോദരാ, ഞാനും കുടുംബവും യേശു വിൽ വിശ്വസി ക്കുന്നു.
എന്നാൽ മാമ്മോ ദീസാ സ്വീകരിച്ച് ശിഷ്യസമൂഹ ത്തിൽ ചേരണം.
അതിനു ഞങ്ങൾ ഒരുക്കമാണ്. നിങ്ങൾ എന്റെ വീട്ടിലേക്കു വരണം.
തീർച്ചയായും.


പൗലോസും കൂട്ടരും ലീദിയായുടെ വീട്ടിൽ താമസിച്ച് സുവിശേഷം പ്രസംഗിച്ചു. അനേകർ യേശുവിൽ വിശ്വസിച്ചു. ഒരു ദിവസം.
ഈ മനുഷ്യർ അത്യുന്നതന്റെ ദാസന്മാരാണ്. രക്ഷയുടെ മാർഗ്ഗം പ്രഘോഷിക്കുന്നു.
അശുദ്ധാത്മാവേ, യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ ആജ്ഞാപിക്കുന്നു. ഇവളെ വിട്ടുപോവുക.


അതോടെ ഭാവി പറയാനുള്ള കഴിവ് അവൾക്കു നഷ്ടപ്പെട്ടു. അവളുടെ യജമാനന്മാർ പിറ്റെദിവസം പൗലോസിനെയും സീലാസിനെയും പിടികൂടി. ന്യായാധിപന്മാരുടെ മുമ്പിൽ കൊണ്ടുവന്നു.
ഈ യഹൂദർ നഗരത്തിലാകെ കുഴപ്പമുണ്ടാക്കുന്നു. പുതിയ ദേവന്മാരെയും മതാചാരങ്ങളെയും പ്രചരിപ്പിച്ച് ജനത്തിൽ കലാപമുണ്ടാക്കുകയാണ്.
ഇവരെ വസ്ത്രങ്ങൾ ഉരിഞ്ഞു ചാട്ടകൊണ്ടടിക്കുക. അതിനുശേഷം കാരാഗൃഹത്തിലടയ്ക്കുക.


പിറ്റേന്നു പ്രഭാതത്തിൽ
നിങ്ങളെ വിട്ടയയ്ക്കാൻ ന്യായാധിപന്മാർ അറിയിച്ചിരിക്കുന്നു.
റോമൻ പൗരന്മാരായ ഞങ്ങളെ വിചാരണ കൂടാതെ ശിക്ഷിച്ചിട്ട് ഇപ്പോൾ വെറുതെ വിട്ടയയ്ക്കാനോ? അവർതന്നെ വന്നു ഞങ്ങളെ വിട്ടയയ്ക്കട്ടെ.
ന്യായാധിപന്മാർ വന്നു.
നിങ്ങൾ റോമൻ പൗരന്മാരാണെന്നു പറഞ്ഞതു ശരിയാണോ?
ഞങ്ങൾ ജനിച്ചതുതന്നെ റോമൻ പൗരന്മാരായിട്ടാണ്.
ക്ഷമിക്കണം. എനിക്കതറിയില്ലായിരുന്നു. ദയവു ചെയ്ത് നിങ്ങൾ ഈ നഗരം വിട്ടു പോകണം.
എന്തിന്? ഞങ്ങൾ നിയമവിരുദ്ധമായി ഒന്നും ചെയ്തില്ലല്ലോ.
ഫിലിപ്പി ഒരു റോമൻ കോളണിയാണെന്നു നിങ്ങൾക്കറിയാമല്ലോ. ഇവിടെ എന്തെങ്കിലും അസ്വസ്ഥതയുണ്ടായാൽ റോമൻ പടയാളികൾ നഗരത്തെ മുഴുവൻ നശിപ്പിക്കും.
ശരി. ഞാൻ മനസ്സിലാക്കുന്നു.


അവർ അവിടെവന്ന് മക്കെദോനിയായുടെ തലസ്ഥാനമായ തെസലോനിക്കായിലേക്കു പോയി. അവിടെ യഹൂദരുടെ സിനഗോഗിൽ പ്രസംഗിച്ചു.
പ്രവാചകന്മാരെല്ലാം യേശുവിനെക്കുറിച്ചാണ് മുൻകൂട്ടി അറിയിച്ചത്. അവന്റെ പീഡാസഹനത്തെയും മരണത്തെയും ഉത്ഥാനത്തെയും കുറിച്ച് വിശുദ്ധലിഖിതങ്ങൾ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.
അനേകർ വിശ്വസിച്ചു. ചില യഹൂദർ അസൂയാലുക്കളായി.
ആ പൗലോസിനെയും കൂട്ടരെയും തടഞ്ഞേ മതിയാവൂ.
യഹൂദരിൽ നല്ലൊരു പങ്ക് ക്രിസ്ത്യാനികളായിക്കഴിഞ്ഞു. കുലീനരായ സ്ത്രീകളിൽ അധികവും അവരുടെ കൂടെ ചേർന്നു.
മൂന്നാഴ്ചയായി അവർ സിനഗോഗിലും പെരുവഴിയിലും വീടുതോറും കയറിയും പ്രസംഗിക്കുന്നു.
അവർ ഇപ്പോൾ സിനഗോഗധികാരിയായ ജാസന്റെ വീട്ടിലുണ്ട്. പിടിച്ചിറക്കി ന്യായാധിപന്മാരുടെ മുമ്പിൽ എത്തിക്കണം.


പൗലോസിനെ പിടികിട്ടാത്തതിനാൽ അവർ ജാസനെ വലിച്ചിഴച്ച് ന്യായാധിപന്റെ മുമ്പിൽ ഹാജരാക്കി.
റോമാസാമ്രാജ്യത്തിലുടനീളം കലാപം വിതയ്ക്കുന്ന പൗലോസും കൂട്ടരും ഇവിടെയും എത്തിയിരിക്കുന്നു.
യേശുവെന്ന മറ്റൊരു രാജാവിനെക്കുറിച്ചു പ്രസംഗിച്ച് അവർ ജനത്തെ സീസറിനെതിരേ തിരിക്കുന്നു. ഈ ജാസൻ അവരെ ഒളിപ്പിച്ചിരിക്കുകയാണ്.
ജാസൻ, പൗലോസിനെ ഉടനെ പറഞ്ഞയയ്ക്കണം.
അയാൾ തിരിച്ചുവരില്ല എന്നതിനു നീ തന്നെ ആയിരിക്കും ഉത്തരവാദി. തിരിച്ചുവന്നാൽ നിന്റെ വസ്തുക്കൾ ജപ്തി ചെയ്യും. കുടുംബസഹിതം നീ തടവറയിലായിരിക്കും.
അന്നു രാത്രി.
ജാസൻ, നിങ്ങൾ ഭയപ്പെടാതെ യേശുവിൽ വിശ്വസിക്കുവിൻ. ഞങ്ങൾ തല്ക്കാലം ബെറോയായിലേക്കു പോകാം.



ബെറോയായിലെ അനേകം യഹൂദരും വിജാതീയരും സുവിശേഷം സ്വീകരിച്ചു. ഒരു ദിവസം
തെസലോണിക്കായിൽ നിന്ന് യഹൂദർ ഇവിടെയും എത്തിയിട്ടുണ്ട്. നമുക്കെതിരേ പ്രചരണം ആരംഭിച്ചുകഴിഞ്ഞു.
ഗുരോ, അങ്ങ് ഉടൻതന്നെ ഇവിടം വിട്ടു പോകുന്നതാണു നല്ലത്.
നിങ്ങൾ ഇവിടെ താമസിക്കുന്നതു സുരക്ഷിതമാണോ?
നിന്നെയാണ് അവർ നോട്ടമിട്ടിരിക്കുന്നത്.
എന്നാൽ ഞാൻ ആഥൻസിലേക്കു പോകാം. ഇവിടത്തെ ശിഷ്യന്മാർക്കു വേണ്ട നിർദ്ദേശങ്ങൾ നല്കിയ ശേഷം നിങ്ങളും അങ്ങോട്ടു വരണം.
പൗലോസ് ആഥൻസിലേക്കു കപ്പൽ കയറി.


പൗലോസ് ആഥൻസിൽ എത്തി.
ഈ നഗരം നിറയെ വിഗ്രഹങ്ങളാണല്ലോ.


പൗലോസ് സിനഗോഗിലും പൊതുസ്ഥലത്തുംവച്ച് യേശുവിനെയും പുനരുത്ഥാനത്തെയുംകുറിച്ച് പ്രസംഗിച്ചു.
ഇയാൾ ഏതോ പുതിയ മതത്തിന്റെ പ്രചാരകനാണ്.
വിഗ്രഹങ്ങൾ ഒന്നും പാടില്ല എന്നല്ലേ അയാൾ പറയുന്നത്?


നമ്മൾ ആരാധിക്കുന്ന ദേവന്മാരാരും ദൈവമല്ലത്രേ!
അപ്പോളൊയും, ഹെർമസും, അഥേനെയും മഹാദേവൻ സേവൂസും എല്ലാം കല്ലുകളാണുപോലും.
ഇയാളെ ഇങ്ങനെ വിടുന്നത് അപകടകരമാണ്.
പിടിച്ചു കോടതിയിൽ വിചാരണ ചെയ്യണം. ന്യായാധിപന്മാർ നിശ്ചയിക്കട്ടെ.
അവർ പൗലോസിനെ അരെയോപ്പഗസ് എന്ന കോടതിയിൽ ഹാജരാക്കി.
എന്താണ് നിന്റെ ഈ പുതിയ മതം?
ഈ മഹാനഗരത്തിന്റെ പിതാക്കന്മാരേ, ആഥൻസ് നിവാസികളേ, നിങ്ങൾ മതകാര്യങ്ങളിൽ വലിയ തല്പരരാണെന്ന് ഞാൻ മനസ്സിലാക്കുന്നു.


ഞാൻ ഈ നഗരത്തിലൂടെ നടക്കുമ്പോൾ "അജ്ഞാതദേവന്" എന്ന് എഴുതിയിട്ടുള്ള ഒരു ബലിപീഠം കണ്ടു. ആ അജ്ഞാതദേവനെക്കുറിച്ചാണ് ഞാൻ പ്രസംഗിക്കുന്നത്.
പ്രപഞ്ചസ്രഷ്ടാവായ ദൈവം മനുഷ്യനിർമ്മിതമായ ആലയങ്ങളിലോ വിഗ്രഹങ്ങളിലോ വസിക്കുന്നില്ല. അവന് ഇതിന്റെയൊന്നും ആവശ്യമില്ല.
എന്നാലും അവൻ നമുക്കെല്ലാം സമീപസ്ഥനാണ്. അവനിലാണ് നാം ജീവിക്കുന്നതും ചരിക്കുന്നതും നിലനില്ക്കുന്നതും.
പൗലോസ് തുടർന്ന് യേശുക്രിസ്തുവിനെയും പുനരുത്ഥാനത്തെയും കുറിച്ചു സംസാരിച്ചു.
മരിച്ചവർ ജീവിക്കുന്നതു പുഴുക്കളായിട്ടാണ്.
ഇവൻ ഒരു വിഡ്ഢിയാണ്. ശിക്ഷിച്ചിട്ടു കാര്യമില്ല.




**അവർ അവനെ പരിഹസിച്ചു പുറത്താക്കിയെങ്കിലും ചുരുക്കംപേർ യേശുവിൽ വിശ്വസിച്ചു. താമസിയാതെ തിമോത്തേയോസും സീലാസും ആഥൻസിലെത്തി.**




തെസലോണിക്കയെക്കുറിച്ചാണ് എനിക്ക് ആശങ്ക. പീഡനങ്ങളിൽ അവർ വീണുപോയേക്കുമോ എന്ന ഭയം.
അവർ ഉറച്ചു നില്ക്കും. സംശയമില്ല.


എന്നാലും അവരുടെ വിവരം അറിയണം. തിമോത്തേയോസ്, നീ ചെന്ന് വിവരങ്ങൾ അറിഞ്ഞുവരൂ! ഞാൻ കൊറിന്തോസിലേക്കു നീങ്ങുകയാണ്. അവിടെവച്ചു കണ്ടുമുട്ടാം.
ശരി.


പൗലോസിന്റെ രണ്ടാം പ്രേഷിതയാത്ര
മക്കെദോനിയാ
തെസലോണിക്ക
ഫിലിപ്പി
ബെറോയാ
കോറിന്തോസ്
ക്രേത്തേ
മധ്യധരണ്യാഴി
ത്രോവാസ്
പിസീദിയായിലെ അന്തിയോക്യാ
ലിസ്ത്രാ
ഇക്കോണിയം
ദെർബെ
താർസോസ്
എഫേസോസ്
സൈപ്രസ്
അന്തോക്യാ
ഡെമാസ്കസ്
സീദോൻ
ടയിർ
ടൊളെമായിസ്
കേസറിയാ


സുവിശേഷത്തിന്റെ മുന്നേറ്റം
ലോകത്തിന്റെ അതിർത്തികൾവരെ.
നൈവേദ്യം



# നൈവേദ്യം

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph:0484-2352110
website:www.marlouiskochi.com
e-mail:marlouiskochi@gmail.com

MLBC-48